മുതൽ 1-6-2015 വരെ ലഭിച്ചിട്ടുള്ള എസ്റ്റിമേറ്റുകൾക്ക് രണ്ടാം ഘട്ടമായി 116.57 കോടി രൂപയും ഭരണാനുമതി നൽകി. എന്നാൽ സർക്കാർ നിശ്ചയിച്ചിരുന്ന 400 കോടി രൂപയിൽ തേൽ പ്രകാരം നൽകിയിട്ടുള്ള തുക ഒഴിച്ച് ബാക്കിയുള്ള 49.44 കോടി രൂപയും മൂന്നാം ഘട്ടമായി 1-6-2015 കഴിഞ്ഞ് ലഭിച്ച എസ്റ്റിമേറ്റുകളിൽ നിന്നും ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും ഭരണാനുമതി നൽകാത്ത ചില മണ്ഡലങ്ങളിലെ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഫണ്ടിന്റെ ലഭ്യത കൂടി പരിഗണിച്ച് ഭരണാനുമതി നൽകുകയുണ്ടായി. ഇത് കൂടാതെ 152.11 കോടി രൂപയുള്ള ഭരണാനുമതി കൂടി നൽകിയിട്ടുണ്ട്.

ഗ്രാമീണ റോഡുകളുടെ മെയിന്റനൻസ്

320 (1405) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി (ജ..ടി.എം) 1-7-2011 മുതൽ 31-10-2015 വരെയുള്ള കണക്ക് പ്രസിദ്ധീകരിക്കുമോ;

(ബി) ഒറ്റപ്പാലത്തെ ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി നാളിതുവരെ എത്ര തുക അനുവദിച്ചു, വാർഷികാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രാമീണ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി (ജ.ടി.എം.) 1-7-2011 മുതൽ 31-10-2015 വരെയുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒറ്റപ്പാലത്തെ ഏറ്റെടുത്ത ഗ്രാമീണ റോഡുകൾ മെയിന്റനൻസ് ചെയ്യുന്നതിനായി 2013-14 സാമ്പത്തിക വർഷത്തിൽ 34 ലക്ഷം രൂപയും 2015-16-ൽ 200 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

ആനക്കയം പാലത്തിന്റെ നിർമ്മാണം

321 (1406) ശ്രീ. വി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.5 കോടി രൂപ അനുവദിച്ചിട്ടുള്ള ആനക്കയം പാലത്തിന്റെ നിർമ്മാണം നീണ്ടു പോകുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ട് കുടികളിൽ നിന്നും ആദിവാസികളുടെ അപേക്ഷകൾ ഉണ്ടായിട്ടും ആറ് സെന്റ് സ്ഥലം വനം വകുപ്പ് വിട്ടു നൽകാത്തത് മൂലം ആദിവാസികളും ട്രൈബ്സുകളും അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പ്രസ്തുത പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കുമോ;

(സി) ഇതുസംബന്ധിച്ച് വനം വകുപ്പിന്റെ നിലപാട് തിരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പാലം സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടാത്തതുകൊണ്ടാണ് ആനക്കയം പാലത്തിന്റെ നിർമ്മാണം നിലുപോകുന്നത്. ആവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുന്നതാണ്.

(സി&ഡി) ബഹുമാനപ്പെട്ട വനം വകുപ്പ് മന്ത്രിയുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ട എം.എൽ.എ.മാരുടെ നേതൃത്വത്തിൽ മലയാറ്റൂർ ഡി.എഫ്.ഒ.-യും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുമായി 6-8-2015-ൽ പാലം നിർമ്മാണത്തിനുള്ള സ്ഥല പരിശോധന നടത്തുകയുണ്ടായി. അതിൽ ആറ് സെന്റ് സ്ഥലം പാലം നിർമ്മാണത്തിന് അത്യാവശ്യമാണെന്ന് കണ്ടെത്തുകയും ടി സ്ഥലം വനം വകുപ്പിൽ നിന്ന് വിട്ടുകിട്ടുന്നതിന് മലയാറ്റൂർ ഡി.എഫ്.ഒ.യോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ നിന്നും സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് പാലം നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും.

തവനൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തി

322 (1407) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനു ശേഷം തവനൂർ മണ്ഡലത്തിൽ എത്ര തുകയുടെ പ്രവൃത്തിക്കുള്ള ഭരണാനുമതിയാണ് പൊതുമരാമത്ത് വകുപ്പ് മുഖേന നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് നൽകിയിട്ടുള്ളത് എന്നും, ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും വിശദമാക്കുമോ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് നിലവിൽ പൂർത്തിയാക്കാനുള്ളത് എന്നും ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly